പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2520 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വികസന ഓഫീസുകളുടെ അഭാവം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കാത്തത് മൂലം എസ്.സി. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നിർവഹണം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആരോപണം സംബന്ധിച്ച അഭിപ്രായം അറിയിക്കാമോ;

മറുപടി: ആരോപണം ശ്രദ്ധയിപ്പെട്ടിട്ടില്ല.

(ബി) എറണാകുളം ജില്ലയിൽ ഇത്തരത്തിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്ന മുനിസിപ്പാലിറ്റികൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

മറുപടി: എറണാകുളം ജില്ലയിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്നത് പിറവം, ആലുവ, മരട്, ഏലൂർ കൂത്താട്ടുകുളം, കോതമംഗലം, അങ്കമാലി, മൂവാറ്റുപുഴ, വടക്കൻ പറവൂർ, പെരുമ്പാവൂർ മുൻസിപ്പാലിറ്റികളിലാണ്.

(സി) പട്ടികജാതി വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡി പഠന റിപ്പോർട്ടിൽ എറണാകുളം ജില്ലയിൽ എത്ര പുതിയ പട്ടികജാതി വികസന ഓഫീസ് ആരംഭിക്കുന്നതിനു ശിപാർശ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇവിടങ്ങളിൽ ഓഫിസ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

മറുപടി: പിറവം, കൂത്താട്ടുകുളം നഗരസഭകൾ അധികാര പരിധിയായി നിശ്ചയിച്ച് പുതിയ പട്ടികജാതി വികസന ഓഫീസ് രൂപീകരിക്കുന്നതിനാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. വകുപ്പിൽ കാലിക പ്രാധാന്യമില്ലാത്തതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ തസ്തികൾ ഒഴിവാക്കിയ ശേഷം, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മൂവാറ്റുപുഴ നഗരസഭ കേന്ദ്രമാക്കി പുതിയ പട്ടികജാതി വികസന ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ